FRIDAY 22.12.2023 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 22/12/2023

1. ജനങ്ങളുമായി നേരിട്ട് സംവദിച്ച് ഭരണ പുരോഗതി വിലയിരുത്താനും ജനാഭിപ്രായം തേടാനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭയൊന്നാകെ 140 നിയോജക മണ്ഡലങ്ങളിലൂടെയുള്ള പര്യടനം നടത്തുന്നു. നവകേരള സദസ്സ് 2023 ഇന്ന് തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട, അരുവിക്കര, നെയ്യാറ്റിൻകര, പാറശ്ശാല എന്നീ മണ്ഡലങ്ങളിൽ സംഘടിപ്പിക്കുന്നു.

2. വെള്ളാനിക്കര ഫലവർഗ്ഗ വിള ഗവേഷണ കേന്ദ്രത്തിൽ മാവ്, പ്ലാവ്,നാരകം തുടങ്ങിയ ഫല വൃക്ഷ തൈകളും കുരുമുളക്, കവുങ്ങ് തുടങ്ങിയ തൈകളും ജൈവവളങ്ങളും വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ 0487-2373242, 8547760030 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

3. ഇലക്ട്രോ സ്റ്റാറ്റിക് ടെക്നോളജിയിൽ പ്രവർത്തിക്കുന്ന മരുന്ന് തളി യന്ത്രം വികസിപ്പിച്ചതിന് കേരള കാർഷിക സർവ്വകലാശാലയിലെ ഗവേഷകർക്ക് പേറ്റന്റ് ലഭിച്ചു. പരമ്പരാഗത മരുന്ന് തളി യന്ത്രങ്ങളെ അപേക്ഷിച്ച് ഉയർന്ന നിക്ഷേപ കാര്യക്ഷമതയും ജൈവ കാര്യക്ഷമതയും ഈ സാങ്കേതിക വിദ്യയ്ക്ക് ഉറപ്പ് നൽകാനാകും. കൂടാതെ കീടനാശിനി, കളനാശിനി പോലുള്ള രാസ വസ്തുക്കളുടെ അമിത ഉപയോഗം മൂലമുുാകുന്ന ജല- മണ്ണ്- പരിസ്ഥിതി മലിനീകരണവും വലിയ അളവിൽ നിയന്ത്രണ വിധേയമാക്കുവാൻ സാധിക്കും. ഈ സ്പ്രയറുകൾ വളരെ അനായാസം കൈകാര്യം ചെയ്യാനും ദീർഘകാല അടിസ്ഥാനത്തിൽ കുറഞ്ഞ പരിപാലന ചിലവോടു കൂടി പ്രവർത്തിപ്പിക്കാനും സാധിക്കും.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. ഹോർട്ടികൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജന(2022-23) യുടെ ഭാഗമായി 2023-24 വർഷത്തിൽ നടപ്പിലാക്കുന്ന ഓപ്പൺ പ്രെസിഷൻ ഫാമിംഗ് പദ്ധതിക്ക് തിരുവനന്തപുരം, കൊല്ലം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് ജില്ലകളിലെ പട്ടികജാതി/ പട്ടിക വർഗ്ഗവിഭാഗത്തിൽ പെട്ട വാഴ /പച്ചക്കറി കർഷകരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. 1 ഹെക്ടർ വാഴക്ക് 96,000 രൂപയും, 1 ഹെക്ടർ പച്ചക്കറിക്ക് 91,000 രൂപയുമാണ് സബ്സിഡി നൽകുന്നത്. കൂടുതൽ വിവരങ്ങൾക്ക് കൃഷി സ്ഥലം സ്ഥിതി ചെയ്യുന്ന പരിധിയിലെ കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണ്.

5. പൂഞ്ഞാർ ക്ഷീരോത്പാദക സഹകരണ സംഘം ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്ററിൽ വച്ച് ക്ഷീര വികസന വകുപ്പ് കോട്ടയം ജില്ലാ കാളിറ്റി കൺട്രോൾ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഒരു പാൽ ഗുണ നിയന്ത്രണ ബോധവൽക്കരണ പരിപാടി ഇന്ന് (22.12.2023) നടത്തപ്പെടുകയാണ്. ഇതോടനുബന്ധിച്ച് ശുദ്ധമായ പാൽ ഉല്പാദനം കർഷകർ അറിയേണ്ടത്, പാൽ വില നിർണ്ണയം അടിസ്ഥാന ഘടകങ്ങൾ, ക്ഷീരഗ്രാമം പദ്ധതിയും മറ്റ് ആനുകൂല്യങ്ങളും എന്നീ വിഷയങ്ങളിൽ ക്ഷീര വികസന വകുപ്പിലെ സാങ്കേതിക വിദഗ്ധർ ക്ലാസുകൾ നയിക്കുന്നതാണ്. ഈ പരിപാടിയിലൂടെ ക്ഷീരകർഷകർ ഉല്പാദിപ്പിക്കുന്ന പാലിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ശാസ്ത്രീയ വശങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നു.

6. സർക്കാർ പൊതുമേഖല സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ (കെപ്കോ) പേട്ടയിലുള്ള ഹെഡ് ഓഫീസിൽ 60 ദിവസം പ്രായമായ

ബി.വി 380 ഇനത്തിൽപ്പെട്ട മുട്ട കോഴികൾ സ്റ്റോക്ക് തീരുന്നതുവരെ വിൽപ്പന നടത്തുന്നു. ആവശ്യമുള്ളവർ 9495000915, 0471 2468585 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക

## പരിശീലന പരിപാടി

7. പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന കൃഷി വിജ്ഞാനകേന്ദ്രത്തിൽ വച്ച് ഈ മാസം 23ന് (23.12.2023) 10 മണി മുതൽ **ജൈവജീവാണു വള പ്രയോഗവും കമ്പോസ്റ്റ് നിർമ്മാണ രീതികളും** എന്ന വിഷയത്തിൽ ഒരു പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 0466 2212279, 29122008, 6282937809 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക

8. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് ഡിസംബർ 27 മുതൽ 29 വരെയുള്ള തീയതികളിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം